## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 3839** **26.06.2012-ൽ മറുപടിക്ക്.**

## ഹജ്ജ് നയവുമായി ബന്ധപ്പെട്ട സുപ്രീംകോടതി കേസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഹജ്ജ് നയവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി പരിഗണിക്കുന്ന കേസിൽ കേരളത്തെ കക്ഷി ചേർത്തിട്ടുണ്ടോ ; | : (എ) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയെ സുപ്രീം കോടതി കക്ഷി ചേർത്തിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ കേരളത്തിന്റെ അഭിപ്രായം സ്വരൂപിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | : (ബി) ഹജ്ജ് സബ്സിഡി നിർത്തലാക്കണമെന്ന ബഹു.സുപ്രീംകോടതിയുടെ വിധിമൂലം ഹാജിമാർക്ക് നേരിട്ടേയ്ക്കാവുന്ന പ്രയാസങ്ങളെക്കുറിച്ചും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നതിന് വിവിധ മുസ്ലീം സംഘടനാ പ്രതിനിധികളുടെ ഒരു യോഗം 07.06.2012-ൽ വിളിച്ചു ചേർത്തിരുന്നു. ഹജ്ജ് സീസണിൽ വിമാനക്കമ്പനികൾ വിമാനക്കൂലി ക്രമാതീതമായി വർദ്ധിപ്പിക്കുന്നത് ഒഴിവാക്കിയാൽ അതുവഴി ഹജ്ജ് സബ്സിഡി നിർത്തുന്നത് മൂലമുള്ള പ്രയാസങ്ങൾ ലഘൂകരിക്കാൻ കഴിയും എന്ന വിഷയം കേന്ദ്ര സർക്കാരിന്റെയും മറ്റ് ബന്ധപ്പെട്ടവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഒരു പ്രതിനിധി സംഘത്തെ അയയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

(മറുപുറം)

| | |
|---|---|
| (സി) ഹജ്ജ് നയവുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണ് കേരളം സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | : (സി) ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ